©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14
Vol. XIV

തിരുവനന്തപുരം,
ചൊവ്വ
Thiruvananthapuram,
Tuesday

2025 സെപ്റ്റംബർ 09
09th September 2025
1201 ചിങ്ങം 24
24th Chingam 1201
1947 ഭാദ്രം 18
18th Bhadra 1947

നമ്പർ
No.
3203

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

വിജ്ഞാപനം

നം. കെ.എൽ.എസ്./7131/2025-ലെജിൻ3 തീയതി, തിരുവനന്തപുരം 2025 സെപ്റ്റംബർ 09.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളുടെ 69 (5)-ാം ചട്ടപ്രകാരം 2025–ലെ ഗുരുവായൂർ ദേവസ്വം (ഭേദഗതി) ബിൽ (ബിൽ നമ്പർ 260), ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തോടും ധനകാര്യമെമ്മോറാണ്ടത്തോടും ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടത്തോടും കൂടി പ്രസിദ്ധപ്പെടുത്തുന്നു.

ഡോ. എൻ. കൃഷ്ണ കുമാർ
സെക്രട്ടറി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ. 260

2025 – ലെ ഗുരുവായൂർ ദേവസ്വം (ഭേദഗതി) ബിൽ

1978 – ലെ ഗുരുവായൂർ ദേവസ്വം ആക്ട് വീണ്ടും ഭേദഗതി

ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.– 1978 – ലെ ഗുരുവായൂർ ദേവസ്വം ആക്ട് (1978 – ലെ 14) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:–

1. ചുരുക്കപ്പേരും പ്രാരംഭവും.– (1) ഈ ആക്ടിന് 2025 – ലെ ഗുരുവായൂർ ദേവസ്വം (ഭേദഗതി) ആക്ട് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 9-ാം വകുപ്പിനുള്ള ഭേദഗതി .– 1978 – ലെ ഗുരുവായൂർ ദേവസ്വം ആക്ടിലെ (1978 – ലെ 14), (ഇതിനുശേഷം പ്രധാന ആക്ട് എന്നാണ് പരാമർശിക്കപ്പെടുക) 9-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:–

"9. ചെയർമാന്റെയും അംഗങ്ങളുടെയും വേതനം.– കമ്മിറ്റിയിലെ ചെയർമാനും അംഗങ്ങൾക്കും സർക്കാർ, കാലാകാലങ്ങളിൽ, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനം വഴി , നിശ്ചയിക്കുന്ന അങ്ങനെയുള്ള ഓണറേറിയവും സിറ്റിംഗ് ഫീസും പ്രതിമാസം ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതും അങ്ങനെയുള്ള ചെയർമാനും അംഗങ്ങൾക്കും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള അത്തരം യാത്രപ്പടിയോ ദിവസപ്പടിയോ , ഏതെങ്കിലുമുണ്ടെങ്കിൽ, അതിനും അർഹതയുണ്ടായിരിക്കുന്നതാണ് .".

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

3. 11-ാം വകുപ്പിനുള്ള ഭേദഗതി.- പ്രധാന ആക്ടിലെ 11-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ "അയ്യായിരം രൂപ" എന്ന വാക്കുകൾക്ക് പകരം "അൻപതിനായിരം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

4. 17-ാം വകുപ്പിനുള്ള ഭേദഗതി.- പ്രധാന ആക്ടിലെ 17-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ "അയ്യായിരം രൂപ" എന്ന വാക്കുകൾക്ക് പകരം "അൻപതിനായിരം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1978 - ലെ ഗുരുവായൂർ ദേവസ്വം ആക്ടിലെ (1978 - ലെ 14) 9 -ാം വകുപ്പ്, കമ്മിറ്റിയിലെ യാതൊരംഗവും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള യാത്രപ്പടിയോ ദിവസപ്പടിയോ , ഏതെങ്കിലുമുണ്ടെങ്കിൽ, അതൊഴികെ ശമ്പളമോ മറ്റ് വേതനമോ സ്വീകരിക്കുകയോ അഥവാ അങ്ങനെയുള്ള അംഗത്തിന് അത് നൽകുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു എന്ന് വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത വ്യവസ്ഥ അനുസരിച്ച് കമ്മിറ്റിയിലെ ചെയർമാനും അംഗങ്ങൾക്കും ഓണറേറിയത്തിനും സിറ്റിംഗ് ഫീസിനും അർഹതയില്ലാത്തതാണ്.

പ്രസ്തുത ആക്ടിലെ 11-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം, കമ്മിറ്റിയുടെ കൈവശമുള്ളതും അയ്യായിരം രൂപയിൽ കൂടുതൽ വിലവരുന്നതും നശ്വര സ്വഭാവത്തോടു കൂടിയതല്ലാത്തതുമായ യാതൊരു ജംഗമവസ്തുവും യാതൊരു ആഭരണവും ദേവസ്വത്തിന് ആവശ്യമായതോ ഗുണകരമായതോ ആണെന്ന കാരണത്തിന്മേൽ കമ്മീഷണർ അനുമതി നൽകാത്തപക്ഷം വിൽക്കുകയോ പണയപ്പെടുത്തുകയോ മറ്റുവിധത്തിൽ അന്യാധീനപ്പെടുത്തുകയോ ചെയ്യാൻ പാടുള്ളതല്ല.

പ്രസ്തുത ആക്ടിലെ 17-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം, കമ്മിറ്റിയുടെ രണ്ടു സമ്മേളനങ്ങൾക്കിടയിലെ ഇടവേളയിലുണ്ടാകുന്ന യാദൃശ്ചിക ചെലവുകൾ നേരിടുന്നതിന് അയ്യായിരം രൂപയിൽ കവിയാതെ ചെലവ് ചെയ്യുന്നതിന് അഡ്മിനിസ്ട്രേറ്റർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

ഗുരുവായൂർ ദേവസ്വം മാനേജിംഗ് കമ്മിറ്റി ചെയർമാനും അംഗങ്ങൾക്കും ഓണറേറിയവും സിറ്റിംഗ് ഫീസും നൽകുന്നതിനായി പ്രസ്തുത ആക്ടിൽ ഭേദഗതി കൊണ്ടുവരാൻ സർക്കാർ,

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

തീരുമാനിച്ചിരിക്കുന്നു. കൂടാതെ, വ്യവസ്ഥകളിൽ പരാമർശിക്കുന്ന നിലവിലുള്ള തുകകൾ നിലവിലെ ആവശ്യങ്ങൾ നിറവേറ്റാൻ വളരെ തുച്ഛമായതിനാലും അവയ്ക്ക് സമയബന്ധിതമായ വർദ്ധനവ് ആവശ്യമുള്ളതിനാലും അവയ്ക്ക് ഭേദഗതി ആവശ്യമാണ്.

ആകയാൽ, പ്രസ്തുത ആക്ടിലെ 9, 11, 17 വകുപ്പുകളിൽ ഉചിതമായ ഭേദഗതികൾ കൊണ്ടുവരാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിനു ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

ഏൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 2 - ാം ഖണ്ഡ പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന 9 - ാം വകുപ്പ്, കമ്മിറ്റിയിലെ ചെയർമാനും അംഗങ്ങൾക്കും ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനം വഴി ഓണറേറിയവും സിറ്റിംഗ് ഫീസും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നു. കൂടാതെ ചെയർമാനും അംഗങ്ങൾക്കും യാത്രപ്പടി അല്ലെങ്കിൽ ദിവസപ്പടി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നു.

ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കാവുന്നത് അവ നടപടിക്രമങ്ങൾ സംബന്ധിച്ചുള്ളതോ സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോട് കൂടിയവയോ ആകുന്നു. കൂടാതെ, അപ്രകാരമുള്ള ചട്ടങ്ങളും വിജ്ഞാപനങ്ങളും നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ, സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

വി. എൻ. വാസവൻ.

//ശരിത്തർജ്ജമ//

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.09.10 10:32:20 +05:30